(ബി) ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ ആക്ട് പ്രകാരം ടി തൊഴിലാളികൾ വ്യാപകമായി പണിയെടുക്കുന്ന നിർമ്മാണ മേഖലയിൽ അവരുടെ സുരക്ഷ, ആരോഗ്യം എന്നിവ സംബന്ധിച്ച് തൊഴിൽ വകുപ്പിലെ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർ, ജില്ലാ ലേബർ ഓഫീസർമാർ, അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് - I എന്നിവരുടെ നേതൃത്വത്തിൽ പരിശോധന നടത്തി തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നുണ്ട്. ഇത്തരത്തിൽ പരിശോധന നടത്തുമ്പോൾ ലംഘനങ്ങൾ കണ്ടെത്തിയാൽ തൊഴിലുടമയ്ക്കും കോൺട്രാക്ടറിനും എതിരെ സ്റ്റോപ്മെമ്മോ, പ്രോസിക്യൂഷൻ തുടങ്ങിയ നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇപ്രകാരം ടി മേഖലയിലെ വിവിധ സ്ഥാപനങ്ങളിലായി 26 പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്തിട്ടുള്ളതും 57 സ്ഥാപനങ്ങൾക്ക് സ്റ്റോപ്മെമ്മോ നൽകിയിട്ടുള്ളതുമാണ്. കൂടാതെ, അന്യസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ക്ഷേമത്തിനുമായി കേരള മൈഗ്രന്റ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ബിൽ 2014 സർക്കാരിന്റെ പരിഗണനയിലാണ്.

(സി) അന്യസംസ്ഥാന തൊഴിലാളികളെ കൊണ്ട് ജോലി ചെയ്യിക്കുന്ന തൊഴിലുടമകൾ മുഖേന ടി തൊഴിലാളികളുടെ നിർബന്ധിത രജിസ്ട്രേഷൻ, തിരിച്ചറിയൽ കാർഡ്, ചികിത്സാ സഹായം, വിവിധ ക്ഷേമ പ്രവർത്തനങ്ങൾ തുടങ്ങിയ വ്യവസ്ഥകൾ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ടാപ്പിംഗ് തൊഴിലാളികളുടെ സാമ്പത്തിക പ്രതിസന്ധി

211 (4497) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ വിലയിടിവുമൂലം കേരളത്തിലെ ടാപ്പിംഗ് തൊഴിലാളികൾ സാമ്പത്തിക പ്രതിസന്ധിയിലായ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിലത്തകർച്ചമൂലം തൊഴിൽ നഷ്ടപ്പെട്ട് കുടുംബം പട്ടിണിയിലായ തോട്ടം തൊഴിലാളികൾക്ക് എന്തെങ്കിലും ആശ്വാസ പദ്ധതികൾ സർക്കാർ നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ടാപ്പിംഗ് തൊഴിലാളി കുടുംബങ്ങളിലെ പട്ടിണിയകറ്റാൻ സൗജന്യ റേഷൻ നൽകുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ തൊഴിലാളികളുടെ കുടുംബത്തിന് സൗജന്യ റേഷൻ അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വൻകിട തോട്ടങ്ങളിൽ തൊഴിൽ ചെയ്യുന്ന ട്രേഡ് യൂണിയൻ തൊഴിലാളികൾക്കും ചെറുകിട റബ്ബർ തോട്ടങ്ങളിൽ ടാപ്പിംഗ് ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികൾക്കും ഒരുപോലെ സൗജന്യ റേഷൻ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രവർത്തനരഹിതമായ തോട്ടങ്ങളിലെ തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കും ആശ്വാസം എത്തിക്കുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിയുടെ പ്രവർത്തനം വിലത്തകർച്ചമൂലം കഷ്ടപ്പെടുന്ന തോട്ടം തൊഴിലാളികൾക്കുകൂടി ബാധകമാക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

(സി &ഡി) പരിശോധിക്കാവുന്നതാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴി സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സാമ്പത്തിക സഹായം

212 (4498) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി സാമ്പത്തിക സഹായം നൽകുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിലേയ്ക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) ഓരോ ജില്ലയിലും പ്രസ്തുത പദ്ധതികൾ പ്രകാരം വിതരണം ചെയ്ത തുക എത്രയാണെന്നും എത്ര ഗുണഭോക്താക്കളുണ്ടെന്നും വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പദ്ധതികൾക്കായി അപേക്ഷ നൽകി കാത്തിരിക്കുന്നവർ ഓരോ ജില്ലയിലും എത്രയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴി സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി സാമ്പത്തിക സഹായം നൽകുന്ന ചുവടെ പറയുന്ന മൂന്ന് സ്വയംതൊഴിൽ പദ്ധതികൾ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly